THUVAKKUNNU LP SCHOOL

# ACADEMIC MASTER PLAN
# 2025-26



# ആമുഖം

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഈ ഘട്ടത്തിൽ ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് തന്നെ സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളിൽ മൂല്യ ബോധം വികസിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾച്ചേർക്കേണ്ടതുണ്ട്.

കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക എന്നത് സമഗ്ര ഗുണമേൻമ പദ്ധതിയുടെ അനിവാര്യ ഘടകമാണ്. അതുകൊണ്ട് ക്ലാസ് മുറികളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സൂക്ഷ്മ തലത്തിൽ

ആസൂത്രണം ചെയ്യുകയും കുട്ടികളുടെ പഠന നില അറിയാനുള്ള പ്രവർത്തന പദ്ധതിയായും ആസൂത്രണം ചെയ്യുകയാണ്.

3-6-2025- 13-6-2025 വരെ

ഒരു ദിവസം 1 മണിക്കൂർ എന്ന നിലയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

3-6-2025- പൊതു വിഷയങ്ങൾ

പ്രവർത്തനങ്ങൾ

- കൂട്ടുകാരെ പരിചയപ്പെടൽ
- അവധിക്കാല അനുഭവം പങ്കുവെയ്ക്കൽ
- സ്കൂളിനെ അറിയൽ
  - സ്കൂളും പരിസരവും
  - ആരോഗ്യ സംരക്ഷണം
  - മാലിന്യ സംസ്കരണ സംവിധാനം
  - കുടിവെള്ളം
  - അടുക്കള
  - ഉച്ചഭക്ഷണം
  - ടോയ്‌ലറ്റ്
  - ലൈബ്രറി.

**4-6-2025** - **റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ**

- റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - ചർച്ച
- സ്കൂൾ കോമ്പൗണ്ടിൽ മോക്ക് ഡ്രിൽ
- റോഡപകടങ്ങളുടെ കാരണങ്ങൾ - ചർച്ച
- ഒരാഴ്ചത്തെ ദിനപത്രങ്ങളിൽ വന്ന വാഹനാപകടങ്ങളെക്കുറിച്ചുള്ള ചിത്ര നിരീക്ഷണം, വിശകലനം
- 'സുരക്ഷിതയാത്ര' - വീഡിയോ പ്രദർശനം

**5-6-2025** - **വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം.**

- വ്യക്തിശുചിത്വം - പാട്ട്
- ശുചിത്വശീലങ്ങൾ - സർവ്വേ നടത്തുന്നു.
- പ്രകൃതി നടത്തം
- ചിത്ര രചന, കൊളാഷ് നിർമാണം
- പ്ലാസ്റ്റിക് രഹിത - ഹരിത ക്യാമ്പസ്
- പൂന്തോട്ട നിർമാണം.

**9-6-25 ആരോഗ്യം, വ്യായാമം, കായികക്ഷമത**

- പോഷകാഹാരം - എന്തിന് - ചർച്ച
- ആഹാര നേരങ്ങൾ - വിശകലനം
- വ്യായാമം - വീഡിയോ പ്രദർശനം
- വ്യായാമത്തിന് അവസരങ്ങൾ
- മാനസികാരോഗ്യം - ആവശ്യകത, കാത്തു സൂക്ഷിക്കാനുള്ള മാർഗങ്ങൾ - ചർച്ച

**10-6-25 ഡിജിറ്റൽ അച്ചടക്കം**

- ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നു - ചർച്ച
- ചിത്ര രചന • പോസ്റ്റർ നിർമാണം
- വീഡിയോ പ്രദർശനം.

**11-6-25 പൊതുമുതൽ സംരക്ഷണം**

- സ്വന്തം സാധനസാമഗ്രികൾ അടുക്കും ചിട്ടയോടെ സൂക്ഷിക്കുന്നത് പരിചയപ്പെടുത്തൽ
- ക്ലാസിലെ സാമഗ്രികൾ കൂട്ടുത്തരവാദിത്തത്തിൽ സംരക്ഷണം. - ബോധവൽക്കരണം
- സ്കൂൾ കെട്ടിടവും പരിസരങ്ങളുമുള്ള എല്ലാ സംവിധാനവും സംരക്ഷിക്കൽ - ബോധവൽക്കരണം.

**12-6-2025** പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

- റോൾപ്ലേ - തീമുകൾ
- ബസ് യാത്ര • തുണിക്കട
- ഡൈനിംഗ് സമയം
- കുടുംബവുമായി കടയിൽ പോയത്
- അച്ഛനും അമ്മയും മക്കളും ചേർന്ന് ഭക്ഷണം തയ്യാറാക്കൽ.
- കളികൾ

**13-6-2025**

3.6.2025 - 13-6-2025 വരെ വിവിധ തീമുകളെ ആസ്പദമാക്കി നടന്ന പ്രവർത്തനങ്ങൾ വഴി കുട്ടികളിലുണ്ടായ ധാരണകളുടെ പൊതു ക്രോഡീകരണം നടത്തുന്നു.

മെയ്മാസം SRG ചേർന്ന് ക്ലാസ് ചാർജ് ചുമതല വിഭജനം ഇവ തീരുമാനിച്ചു. പ്രവേശനോത്സവം ആസൂത്രണം ചെയ്തു.

ചുമതലയുള്ള എല്ലാ അധ്യാപകരും 8.30 ന് തന്നെ സ്കൂളിൽ എത്തിച്ചേരുന്നു. 9.30 ന് ഒന്നാമത്തെ ബെൽ മുഴങ്ങിയാൽ എല്ലാ കുട്ടികളും ക്ലാസിൽ പ്രവേശിക്കുന്നു.

9.50 ന് ബെല്ലടിച്ച് അസംബ്ലി ആരംഭിക്കുന്നു. ആഴ്ചയിൽ 3 ദിവസം- അതിൽ 1 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.

സ്കൂൾ ശുചീകരണത്തിന്റെ ഭാഗമായി അഞ്ച് ദിവസവും അധ്യാപകരെ ചുമതലപ്പെടുത്തുന്നു.

മൂന്ന് ടേമിൽ 3 ജനറൽ PTA വിളിച്ചു ചേർക്കുന്നു.

എല്ലാ വെള്ളിയാഴ്ചയും SRG യോഗം ചേരുന്നു. പ്രവർത്തനങ്ങളുടെ അവലോക

നവും അടുത്ത പ്രവർത്തനങ്ങളുടെ ആസൂത്ര
ണവും)

എല്ലാ മാസങ്ങളിലും CPTA നടത്തുന്നു. ക്ലാസ് പ്രവർത്തനങ്ങളുടെ വിലയിരുത്തലും ആസൂത്രണവും നടത്തുന്നു. ക്ലാസ് പി.ടി.എ. യിൽ യൂണിറ്റ് ടെസ്റ്റ് വിശകലനം ചെയ്യുന്നു.

എല്ലാ ദിനാചരണങ്ങളും ചുമതല ഉള്ള അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. പ്രധാന ദിനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുന്നു; പതിപ്പുകൾ, പോസ്റ്ററുകൾ നിർമ്മിക്കുന്നു.

സ്കൂൾ ലീഡർ, ക്ലാസ് ലീഡർ തെരഞ്ഞെടുപ്പ് നടത്തുന്നു.

ഗണിത ക്ലബ്, പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ്, സോഷ്യൽ ക്ലബ് തുടങ്ങിയ ക്ലബുകളുടെ നേതൃത്വത്തിൽ തനത് പ്രവർത്തനങ്ങൾ നടത്തുന്നു.

വായനാവാരം ആഘോഷിക്കുന്നു. ക്ലാസ് ലൈബ്രറി ഒരുക്കുന്നു. എല്ലാ ആഴ്ചയിലും പുസ്തകം കൈമാറി കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ കണ്ടെത്തി സമ്മാനം നൽകുന്നു.

സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പൂന്തോട്ട നിർമാണം നടത്തുന്നു.

ഓണം, ക്രിസ്മസ്, പുതുവത്സരം, റംസാൻ തുടങ്ങിയ ആഘോഷങ്ങൾ അതിന്റേതായ പൊലിമയോടെ സ്കൂളിൽ നടത്തുന്നു.

എല്ലാ മാസവും കുട്ടികളുടെ കളികളും കഴിവുകളും വികസിപ്പിക്കുന്നതിനാവശ്യമായ വേദികൾ ഒരുക്കുന്നു.

പ്രവൃത്തി പരിചയവുമായി ബന്ധപ്പെട്ട് ശിൽപശാല നടത്തുന്നു. കലാകായിക മേളയിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി പരിശീലനം നൽകുന്നു.

എല്ലാ ക്ലാസിലെ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള നടത്തുന്നു.

പിറന്നാൾ ദിനത്തിൽ പിറന്നാൾ പുസ്തക, ചെടി എന്നിവ സ്കൂളിന് നൽകുന്നു.

പോഷകാഹാര സമൃദ്ധമായ ഉച്ചഭക്ഷണം PTA യുടെ സഹായത്തോടെ ഉറപ്പു വരുത്തുന്നു.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും വീടുകളിൽ മുഴുവൻ അധ്യാപകരും സന്ദർശനം നടത്തി പഠനം വിലയിരുത്തുന്നു.

പഠനത്തിൽ പ്രത്യേകം ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്കായി ക്ലാസ് അടിസ്ഥാനത്തിൽ പ്രത്യേക ക്ലാസ് കൈകാര്യം ചെയ്യുന്നു.

LSS സ്കോളർഷിപ്പ് പരീക്ഷയുടെ ഭാഗമായി 4-ാം ക്ലാസിലെ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുന്നു.

കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാ വെള്ളിയാഴ്ചയും ക്വിസ് മത്സരവും തത്സമയ സമ്മാന വിതരണവും നടത്തുന്നു.

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് ട്രിപ്പുകളും പഠനയാത്രയും സംഘടിപ്പിക്കുന്നു.

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും പഠനോത്സവം സംഘടിപ്പിക്കുകയും ചെയ്യുന്നു.

സ്കൂൾ വാർഷികാഘോഷത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തി കുട്ടികൾക്കും രക്ഷിതാക്കൾക്കും പൂർവ്വ വിദ്യാർഥികൾക്കും അവസരം നൽകുന്നു.

# ജൂൺ

| തീയതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 2.6.2025 | പ്രവേശനോത്സവം | സ്കൂൾ അലങ്കാരം, ഉദ്ഘാടനം - വാർഡ് മെമ്പർ<br>നവാഗതരെ സ്വീകരിക്കൽ, ബാഡ്ജ് വിതരണം.<br>പ്രവേശനോത്സവ ഗാനം അവതരണം.<br>മധുര പലഹാര വിതരണം.<br>വിദ്യാഭ്യാസമന്ത്രിയുടെ ഉദ്ഘാടനം | എല്ലാ അധ്യാപകരും |
| | SRG മീറ്റിംഗ്. | 3.6.2025 - 13.6.2025 വരെയുള്ള പ്രത്യേക പ്രവർത്തനങ്ങൾ 1 മണിക്കൂർ സമയം എന്ന നിലയിൽ ആസൂത്രണം ചെയ്യുക. | H.M & SRG കൺവീനർ |
| 5.6.2025 | പരിസ്ഥിതി ദിനം. | വൃക്ഷത്തൈ വിതരണം<br>പ്രകൃതി നടത്തം<br>പോസ്റ്റർ നിർമാണം<br>ചിത്രരചന, കൊളാഷ് നിർമാണം, ക്വിസ് മത്സരം<br>പൂന്തോട്ട നിർമാണം. | AVS. |
| 6.6.2025 | ഉള്ളൂർ ജന്മദിനം | ആധുനിക കവിത്രയങ്ങളെ പരിചയപ്പെടൽ<br>പുസ്തക പരിചയം. | PM. |
| 11.6.2025 | ആരോഗ്യ ക്ലാസ് | ആരോഗ്യം, ശുചിത്വം ഇവയുമായി ബന്ധപ്പെട്ട ക്ലാസ് | A.S. |
| 12.6.2025 | ലോക ബാലവേല വിരുദ്ധ ദിനം. | പോസ്റ്റർ രചന<br>ബോധവൽക്കരണ ക്ലാസ് | SV |

| | | | |
|---|---|---|---|
| 13.6.2025 | SRG മീറ്റിങ് | ഒരാഴ്ചത്തെ പ്രവർത്തനാസൂത്രണം. | SRG കൺവീനർ |
| 17-6-2025 | ചങ്ങമ്പുഴ ചരമദിനം | ആധുനിക കവിത്രയങ്ങളെ പരിചയപ്പെടൽ.<br>കവിതാലാപനം<br>പുസ്തക പരിചയം | S.V. |
| 19.6.2025 | വായനാ ദിനം | പി.എൻ. പണിക്കർ-പരിചയപ്പെടൽ<br>അമ്മ വായന<br>വായനാ കോർണർ ഉദ്ഘാടനം, ലൈബ്രറി പുസ്തക വിതരണം, തൊട്ടടുത്ത വായനശാല സന്ദർശനം. | PM. |
| 20.6.2025 | SRG മീറ്റിംഗ് | ഒരാഴ്ചത്തെ പ്രവർത്തനാസൂത്രണം. | SRG കൺവീനർ |
| 24-6-2025 | ക്ലബ്ബ് ഉദ്ഘാടനം | സയൻസ്, സോഷ്യൽ, മാത്സ്, ഇംഗ്ലീഷ്, ശുചിത്വ-ആരോഗ്യ ക്ലബ്ബുകളുടെ ഉദ്ഘാടനം | H.M. |
| 26.6.2025 | ലോക മയക്കുമരുന്ന് വിരുദ്ധദിനം | അസംബ്ലിയിൽ പ്രഭാഷണം<br>പോസ്റ്റർ രചന<br>കൈ പതിക്കൽ<br>പ്രതിജ്ഞ, പ്ലക്കാർഡ് നിർമ്മാണം<br>ബോധവൽക്കരണ ക്ലാസ് | A.V.S. |
| 27-6-2025 | SRG മീറ്റിംഗ് | ഒരാഴ്ചത്തെ പ്രവർത്തനാസൂത്രണം. | SRG കൺവീനർ |
| | ഹെലൻ കെല്ലർ ജന്മദിനം | ലോക പ്രശസ്തരായ അംഗപരിമിതരെയും അവരുടെ കഴിവുകളെയും പരിചയപ്പെടൽ | Hrithik |

# ജൂലായ്

| തീയ്യതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 1.7.2025 | ഡോക്ടേഴ്സ് ദിനം. | ആരോഗ്യ ബോധവൽക്കരണ ക്ലാസ് | S.V. |
| 5.7.2025 | വൈക്കം മുഹമ്മദ് ബഷീർ ചരമദിനം. | അനുസ്മരണം, പുസ്തക പരിചയം, കഥാപാത്രങ്ങളെ അനുകരിക്കൽ | P.M. |
| 1.7.25 to 5.7.25 | ക്ലാസ് പി.ടി.എ | 1-5 വരെ ക്ലാസുകളിൽ | ക്ലാസ് ടീച്ചേഴ്സ് |
| 10.7.25 | ഉറൂബ് ചരമദിനം | പുസ്തക പരിചയം വായനക്കുറിപ്പ് തയ്യാറാക്കൽ | P.M. |
| 11.7.25 | ലോക ജനസംഖ്യ ദിനം | ബോധവൽക്കരണം പോസ്റ്റർ രചന | [illegible] |
| 21.7.25 | ചാന്ദ്ര ദിനം | ക്വിസ്, ചാന്ദ്രദിന പോസ്റ്റർ, റോക്കറ്റ് നിർമാണം, വീഡിയോ അവതരണം | S.V. |
| 27.7.25 | എ.പി.ജെ അബ്ദുൾ കലാം ചരമദിനം | ഡോക്യുമെന്ററികൾ പ്രദർശനം, വചനങ്ങൾ പരിചയപ്പെടൽ | [illegible] |
| 28.7.25 | ലോക പ്രകൃതി സംരക്ഷണ ദിനം | പ്രതിജ്ഞ, ബോധവൽക്കരണം. ഫീൽഡ് ട്രിപ്പ് | S.V |
| 4, 11, 18, 25 | SRG യോഗം | ഒരാഴ്ചത്തെ പരിപാടികളും പഠന പ്രവർത്തനങ്ങളും അവലോകനം ആസൂത്രണം | SRG കൺവീനർ |

# ആഗസ്റ്റ്

| തീയ്യതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 3.8.25 | സൗഹൃദ ദിനം | കൂട്ടുകാരൊത്തു ചേരൽ ആശംസ കൈമാറൽ | A.S. |
| 6.8.25 | ഹിരോഷിമ ദിനം | ഡോക്യുമെന്റേഷൻ, പോസ്റ്റർ നിർമ്മാണം | ഷിജിത്ത് |
| 8, 14, 22, 29. | SRG യോഗം | ഒരാഴ്ചത്തെ പരിപാടികളും പഠന പ്രവർത്തനങ്ങളും അവലോകനം, ആസൂത്രണം | SRG കൺവീനർ |
| 9.8.25 | ക്വിറ്റ് ഇന്ത്യാ ദിനം | ഡോക്യുമെന്റേഷൻ, പോസ്റ്റർ നിർമ്മാണം | ഷിജിത്ത് |
| 9.8.25 | നാഗസാക്കി ദിനം | ദിവസത്തിന്റെ പ്രാധാന്യം വിശദമാക്കൽ. | ഷിജിത്ത് |
| 15.8.25 | സ്വാതന്ത്ര്യ ദിനം | സ്കൂൾ അലങ്കരിക്കൽ<br>പതാക ഉയർത്തൽ, ക്വിസ് മത്സരം,<br>പതാക ഗാനാലാപനം<br>സ്വാതന്ത്ര്യദിനാഘോഷ പരിപാടി | ഷിജിത്ത് |
| 25.8.25 to 29.8.25 | ക്ലാസ് P.T.A | പഠന പ്രവർത്തനങ്ങൾ അവലോകനം, ആസൂത്രണം | ക്ലാസ് ടീച്ചേഴ്സ് |
| 27.8.25 | സർഗവേള | മാസാന്ത്യ സർഗവേള സ്കൂൾ തലത്തിൽ | S.V. |
| | | | |

# സപ്തംബർ

| തീയതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 5.9.25 | ദേശീയ അധ്യാപക ദിനം | ഗുരു വന്ദനം. പൂർവ്വ അധ്യാപകരെ ആദരിക്കൽ, ഡോ. എസ്. രാധാകൃഷ്ണൻ അനുസ്മരണം | മുഴുവൻ അധ്യാപകർ |
| 8.9.25. | ഓണാഘോഷം | ഓണാഘോഷ പരിപാടികൾ | മുഴുവൻ അധ്യാപകർ |
| 8.9.25 | സാക്ഷരതാ ദിനം | തുല്യതാ പരീക്ഷ പാസ്സായവരെ അനുമോദിക്കൽ | മുഴുവൻ അധ്യാപകർ |
| 12, 19, 26 | S.R.G. യോഗം | പഠന പ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | SRG കൺവീനർ |
| 16-9-25 | ഓസോൺ ദിനം | ഡോക്യുമെന്റേഷൻ, പോസ്റ്റർ രചന | [illegible] |
| 24-9.25 | സർഗവേള | മാസാന്ത്യ സർഗവേള - സ്കൂൾ തലത്തിൽ | S.V. |
| 27-9.25 | വിനോദ സഞ്ചാര ദിനം | പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലം - സന്ദർശനം | S.V. |
| 29&30 | CPTA | പഠന പ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | ക്ലാസ് അധ്യാപകർ |

# ഒക്ടോബർ

| തീയതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
| --- | --- | --- | --- |
| 2-10-25 | ഗാന്ധി ജയന്തി | ശുചിത്വ പ്രതിജ്ഞ, ക്ലാസ് സേവന ദിനാചരണം. | ഷീജിത് |
| 4-10-25 | പി. കുഞ്ഞിരാമൻ നായർ ജന്മദിനം | കവിത ശേഖരിക്കൽ ജീവചരിത്രം തയ്യാറാക്കൽ | P.M. |
| 3, 10, 17, 24, 31. | SRG. യോഗം | പഠന പ്രവർത്തനങ്ങളുടെ - അവലോകനം, ആസൂത്രണം. | SRG കൺവീനർ |
| 9.10.25 | ലോക തപാൽ ദിനം | തപാൽ രംഗത്ത് വന്ന മാറ്റങ്ങൾ - ചർച്ച - ഫീൽഡ് ട്രിപ്പ് | ഷീജിത് |
| 16.10.25 | വള്ളത്തോൾ ജന്മദിനം | ആധുനിക മലയാള കവിത്രയങ്ങളെ പരിചയപ്പെടുത്തൽ | P.M. |
| 27-10-25 | വയലാർ ചരമദിനം | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, വയലാർ ഗാനാലാപനം | P.M. |
| 29.10.25 | സർഗവേള | മാസാന്ത്യ സർഗവേള - സ്കൂൾ തലത്തിൽ | S.V |
| 30.10.25 & 31-10-25 | CPTA | പഠന പ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | ക്ലാസ് ടീച്ചേഴ്സ് |

# നവംബർ

| തീയ്യതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 1-11-25 | കേരളപ്പിറവി ദിനം | കേരള ചരിത്രം - വീഡിയോ പ്രദർശനം - ക്വിസ് ജില്ലകൾ - മാതൃക നിർമ്മിക്കൽ | ഷീന്ദ്ര |
| 7-11-25 | സി.വി. രാമൻ ജന്മദിനം | നോബൽ സമ്മാന ജേതാക്കളായ ഇന്ത്യക്കാരെ തിരിച്ചറിയൽ, വീഡിയോ പ്രദർശനം. | S.V. |
| 7, 14, 21, 28. | SRG. | പഠനപ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | SRG കൺവീനർ |
| 11-11-25 | ദേശീയ പക്ഷി നിരീക്ഷണദിനം | കേരളത്തിലെ പക്ഷികൾ ആൽബം തയ്യാറാക്കൽ, പക്ഷിത്തൂവലുകൾ ശേഖരണം, വീഡിയോ പ്രദർശനം | S.V. |
| 14-11-25 | ശിശുദിനം | ചാച്ചാജിയെക്കുറിച്ച് അറിയാം, നെഹ്റു ക്വിസ്, ചിത്രരചന. | ഷീന്ദ്ര |
| 26-11-25 | ഹിന്ദിദിനം സംഗമം | ഹിന്ദി പ്രാർത്ഥന, പ്രസിദ്ധ മഹത് വചനങ്ങൾ കവിത | A.V.S. |
| | സർഗവേള | മാസാന്ത്യ സർഗവേള - സ്കൂൾ തലത്തിൽ | S.V. |
| 27-11-25 & 28-11-25 | CPTA | പഠനപ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം. | ക്ലാസ് ടീച്ചേഴ്സ് |
| 30-11-25 | ചലച്ചിത്രാസ്വാദന വിദ്യാഭ്യാസദിനം | ജീവചരിത്രത്തെക്കുറിച്ച് തയ്യാറാക്കൽ, സിനിമ പ്രദർശനം | ഷീന്ദ്ര |

# ഡിസംബർ

| തീയതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 3-12-25 | ലോക വികലാംഗ ദിനം | പോസ്റ്റർ നിർമാണം | A.V.S. |
| 5-12-25 | ലോക മണ്ണ് ദിനം | വിവിധ തരം മണ്ണ് പരിചയപ്പെടൽ | S.V. |
| 5, 12, 19, 26. | SRG | പഠന പ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | SRG കൺവീനർ |
| 10-12-25 | ലോക മനുഷ്യാവകാശ ദിനം. | ഡോക്യുമെന്റേഷൻ വിശകലനം | ഷിജിത് |
| 12-12-25 | വിജയോത്സവം | കലാ കായിക മത്സര വിജയികളെ അനുമോദനം | A.V.S. |
| 14-12-25 | ദേശീയ ഊർജ്ജ സംരക്ഷണ ദിനം. | ഊർജ്ജ സ്രോതസ്സുകൾ പരിചയപ്പെടൽ, ബോധവൽക്കരണ പ്രതിജ്ഞ, ഊർജ്ജ സംരക്ഷണ ലഘുലേഖ - ഗൃഹസന്ദർശനം | S.V. |
| 19-12-25 | ക്രിസ്മസ് ദിനാഘോഷം | നക്ഷത്ര നിർമാണ ശില്പശാല, വിവിധ കലാ പരിപാടികൾ | All teachers. |
| 19.12.25 to 28.12.25 | ക്രിസ്മസ് അവധി | സെക്കന്റ് ടേം പരീക്ഷയ്ക്കു ശേഷമുള്ള അവധി. | |

# ജനുവരി

| തിയ്യതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 1-1-26 | നവവത്സര ദിനം | പുതുവർഷാഘോഷം, ആശംസാ കാർഡ് നിർമ്മാണം, കേയ്ക്ക് മുറി | A.V.S. |
| 2, 9, 16, 23, 30 | SRG | പഠനപ്രവർത്തനങ്ങൾ - അവലോകനം, ആസൂത്രണം | S.R.G കൺവീനർ |
| 17-1-26 | കുമാരനാശാൻ ചരമദിനം | കൃതികൾ പരിചയപ്പെടുത്തൽ ആലാപനം | P.M. |
| 19-1-26 | വൈക്കം മുഹമ്മദ് ബഷീർ ജന്മദിനം | കൃതികൾ പരിചയപ്പെടുത്തൽ കഥാപാത്രാനുകരണം | P.M. |
| 26-1-26 | റിപ്പബ്ലിക് ദിനം | ഡോക്യുമെന്ററികൾ, മഹാൻമാരെ പരിചയപ്പെടൽ | ഋത്വിക് |
| 28-1-26 | സർഗവേള | മാസാന്ത്യ സർഗവേള | S.V. |
| 29-1-26 & 30-1-26 | CPTA | പഠനപ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം. | ക്ലാസ് ടീച്ചേഴ്സ്. |

# ഫിബ്രവരി

| തിയ്യതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 2-2-26 | ലോക തണ്ണീർത്തട ദിനം | ബോധവൽക്കരണം, ഡോക്യുമെന്റേഷൻ | A.V.S. |
| 6, 13, 20, 27 | SRG | പഠനപ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | SRG കൺവീനർ |
| 12-2-26 | ചാൾസ് ഡാർവിൻ ജന്മദിനം | ഡോക്യുമെന്ററി വീഡിയോ പ്രദർശനം | S.V. |
| 25-2-26 | സർഗവേള | മാസാന്ത്യ സർഗവേള | S.V. |
| 26-2-26 & 27-2-26 | CPTA | പഠനപ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | ക്ലാസ് ടീച്ചേഴ്സ് |
| 28-2-26 | ദേശീയ ശാസ്ത്രദിനം | സി.വി. രാമൻ - വീഡിയോ പ്രദർശനം | S.V. |

# മാർച്ച്

| തീയതി | പരിപാടികൾ | വിശദാംശങ്ങൾ | ചുമതല |
|---|---|---|---|
| 5.3.26 | പഠനോത്സവം | ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ അവതരണം | മുഴുവൻ ടീച്ചേഴ്സ് |
| 8.3.26 | അന്താരാഷ്ട്ര വനിതാദിനം | വനിതാ ദിന പ്രാധാന്യം വിശദമാക്കൽ, റോൾപ്ലേ | A.N.V |
| 6, 13, 20, 27. | S.R.G. | പഠന പ്രവർത്തനങ്ങളുടെ അവലോകനം, ആസൂത്രണം | SRG കൺവീനർ |
| 21-3.26 | ലോക വന വൽക്കരണ ദിനം | വീഡിയോ പ്രദർശനം റോൾ പ്ലേ | S.V. |
| 27-3.26 | വാർഷികം | വാർഷികാഘോഷം രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് കലാപരിപാടികൾ | മുഴുവൻ ടീച്ചേഴ്സ് |